വർക്കലയിലെ ടൂറിസ്റ്റ് വികസനം

131(1619)ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിദേശികൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ടൂറിസം സീസൺ മുതൽ ഇതുവരെ വർക്കലയിൽ എത്ര വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വർക്കലയിൽ ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് വർക്കല പാപനാശം കടൽത്തീരമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കുന്നതിനും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി ബീച്ചിൽ എന്തൊക്കെ സൗകര്യങ്ങൾ ടൂറിസ്റ്റ് വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി എന്തൊക്കെ നടപടികൾ കൂടുതലായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ബീച്ചിനോടനുബന്ധിച്ച് ഒരു പാർക്ക് സ്ഥാപിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കുന്നതിനും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമുള്ള നടപടിയെപ്പറ്റി സർക്കാർ ആലോചിക്കുമോ; ബീച്ചിലേക്ക് വാഹനങ്ങൾ വരുന്നതിനും പാർക്ക് ചെയ്യുന്നതിനുമായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വർക്കല, വേളി, പൊൻമുടി, നെയ്യാർ ഡാം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് വിദേശികൾ ഏറ്റവും കൂടുതലായും സന്ദർശിക്കുന്നത്.

(ബി) കഴിഞ്ഞ ടൂറിസം സീസണിൽ (സെപ്റ്റംബർ 1999 മുതൽ ഫെബ്രുവരി 2000 വരെ) തിരുവനന്തപുരം ജില്ലയിൽ 36,775 വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചതായി ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നു. വർക്കലയിലെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

(സി) പാപനാശം കടൽത്തീരവും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രങ്ങളിൽ ഒന്നാണ്.

(ഡി) വർക്കല ക്ലിഫിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനായി താൽക്കാലിക ഫെൻസിംഗ്, ലൈറ്റുകൾ, ക്ലിഫിൽ നിന്ന് ബീച്ചിലേക്ക് ഇറങ്ങാൻ നടപ്പാത എന്നിവയും ബീച്ച് വൃത്തിയാക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനവും സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ വേണ്ടി ഒരു ഫെസിലിറ്റേഷൻ സെന്ററും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഫെസിലിറ്റേഷൻ സെന്റർ കമ്പ്യൂട്ടറൈസ് ചെയ്ത് ആധുനിക വിവര സാങ്കേതിക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം വർക്കലയിൽ സൈൻ ബോർഡുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ഹരിപ്പാടിന്റെ ടൂറിസം വികസനത്തിന് പദ്ധതി

132(1620) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ക്ഷേത്രനഗരം എന്നറിയപ്പെടുന്ന ഹരിപ്പാടിന്റെ ടൂറിസം വികസനത്തിന് ആധാരമായ പദ്ധതികളെക്കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് ഹരിപ്പാട് എം.എൽ.എ. സർക്കാരിന് നൽകുക ഉണ്ടായോ:

(ബി) എന്തെല്ലാം നിർദ്ദേശങ്ങളും വികസന പദ്ധതികളുമാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) "പിൽഗ്രിം" ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസ്റ്റുകളെ ഹരിപ്പാട്ടേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആണ് പ്രസ്തുത റിപ്പോർട്ടിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) സമയബന്ധിതമായി പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) പ്രോജക്ട് റിപ്പോർട്ട് 22.2.2000-ൽ സർക്കാരിന് കിട്ടിയിട്ടുണ്ട്. റിപ്പോർട്ടിനെ സംബന്ധിച്ച് ടൂറിസം ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരിക്കയാണ്.

യോഗവും പത്രസമ്മേളനവും നടത്തുവാൻ കെ.ടി.ഡി.സി. ഹോട്ടലുകളിൽ സൗജന്യ നിരക്ക്

133(1621) ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വരലയ' എന്ന സംഘടനയ്ക്ക് യോഗവും പത്രസമ്മേളനവും നടത്തുവാൻ കെ.ടി.ഡി.സി. ഹോട്ടലുകളിൽ സൗജന്യനിരക്കോ ഇളവോ അനുവദിക്കാറുണ്ടോ;

(ബി) എങ്കിൽ മറ്റു സംഘടനകൾക്കും ഇത് ബാധകമാകുമോ;

(സി) കെ.ടി.ഡി.സി.യുടെ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ സ്വരലയയ്ക്ക് സൗജന്യ നിരക്കോ ഇളവോ അനുവദിക്കാറുണ്ടോ;

(ഡി) എങ്കിൽ മറ്റു സംഘടനകൾക്ക് ഇത് ബാധകമാക്കുമോ;

(ഇ) 1999 വർഷത്തിൽ എത്രതവണ ഇങ്ങനെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly